# കാർമൽ മാതാ ഹൈ സ്കൂൾ
# മാങ്കടവ്

# ലിറ്റിൽ കൈറ്റ്സ് 2019-20



# കൈയ്യൊപ്പ്

# എഡിറ്റോറിയൽ........

**ജീവിതമാകുന്ന ക്യാൻവാസിൽ ഓരോ ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും നമ്മൾ തന്നെയാണ് ചിത്രം വരക്കുന്നത്. ഓരോരുത്തർക്കും ചിന്തിക്കാനുള്ള കഴിവുകൾ വ്യത്യസ്തമാണ്. ഓരോരുത്തരും അവരവരുടെ കഴിവുകൾക്കനുസരിച്ച് പരിശ്രമിക്കുന്നു. ആ കഴിവുകൾ നമ്മെ ഉയർന്ന പദവികളിലേക്ക് എത്തിക്കുന്നു. ഓരോരുത്തരുടെയും മനസ്സിൽ നിന്ന് ഉയരുന്ന തികച്ചും വ്യത്യസ്തമാർന്ന കഴിവുകളിലൂടെയാണ് നാം ജീവിതത്തിൽ മുന്നേറുന്നത്. ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും നമ്മുടെകൈയ്യൊപ്പുകൾ തികച്ചും വ്യത്യസ്തമായിക്കൊണ്ടിരിക്കുകയാണ്. പ്രപഞ്ചത്തിൽ ചിന്താശക്തിയുള്ള ഏകസംവിധാനം മനസ്സ് മാത്രമാണ്. ആ മനസ്സിനെ നമ്മൾ വേണ്ടവിധം ഉപയോഗപ്പെടുത്തണം. മനസ്സിന്റെ ശക്തിയാണ് മനുഷ്യശക്തി.**







# ആശംസ


അറിവിന്റെ ലോകം കുട്ടികൾക്കു മുമ്പിൽ തുറന്ന, അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്താൻ അവസരമൊരുക്കുന്ന, സാങ്കോതികവിദ്യകൾ ആധികാരികമായി അവതരിപ്പിക്കപ്പെടുന്ന മേഖലയാണല്ലോ ലിറ്റിൽ കൈറ്റ്സ്. കാർമൽ മാതായുടെ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന "കൈയൊപ്പ്"എന്ന ഡിജിറ്റൽ മാഗസിൻ സർ ഗസൃഷ്ടിയുടെ ഒരു പുതിയ കാൽവയ്പാണ് എന്നതിൽ സന്തോഷമുണ്ട്. സാങ്കേതിക വിദ്യയുടെ സംസ്കാര സ്രോതസ്സായി ഈ ചെറിയ പദ്ധതി ഫലമണിയട്ടെ എന്ന് ആശംസിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ്മാരേയും കൈറ്റ് അംഗങ്ങളെയും അവരുടെ പ്രവർത്തനങ്ങളുടെ പേരിൽ അഭിനന്ദിക്കുന്നു.

സ്നേഹപൂർവം

ഹെഡ്മാസ്റ്റർ

ബെഷി പി വർഗീസ്




# എഡിറ്റോറിയൽ ബോർഡ്



മുഹമ്മദ് ബാദുഷ



എൽസ മരിയ ജോസ്



ബ്രിജിൽ



അമൽ ബാദുഷ

# ഉള്ളടക്കം

| ക്രമ. നം. | രചന | പേജ് നം . |
|---|---|---|
| 1. | കവിത- മഴ | 9 |
| 2. | കവിത | 10 |
| 3. | കഥ -ഉണ്ണിയപ്പം | 11 |
| 4. | കഥ -പരിശ്രമിച്ചാൽ വിജയത്തിലേക്ക് | 13 |
| 5. | കവിത -കണ്ണീർ മഴ | 15 |
| 6. | കവിത -മഴ | 16 |
| 7. | കവിത –ഹൈറേഞ്ച് മഴ | 17 |
| 8. | കഥ –കള്ളനും പോലീസും | 18 |
| 9. | കവിത –മഴ | 20 |
| 10. | കവിത -വർത്തമാനകാലം | 21 |
| 11. | മാലിന്യ മുക്തമായ കേരളം | 24 |
| 12. | കവിത –പ്രകൃതി വർണങ്ങൾ | 27 |
| 13. | കവിത –കൊമ്പൻ | 29 |
| 14. | കഥ .–നല്ല ചങ്ങാതിമാർ | 30 |
| 15. | കഥ –സ്നേഹത്തിന്റെ വില | 32 |
| 16. | കവിത –മേഘവും മഴയും | 34 |
| 17. | സ്ത്രീ എന്ന മഹത്വം | 35 |

| | | |
|---|---|---|
| 18. | കഥ -എലിക്കെണി | 37 |
| 19. | കഥ -മാന്ത്രികമോതിരം | 40 |
| 20. | കഥ -അഹങ്കാരത്തിന് കിട്ടിയ പ്രതിഫലം | 42 |
| 21. | കവിത -പ്രളയം | 44 |
| 22. | കവിത -ഭൂതം | 46 |
| 23. | കഥ -പോർക്കളം | 47 |
| 24. | കവിത -കാലത്തെ കൊണ്ടുപോയ മഴ | 49 |
| 25. | കവിത -കവിതമായാത്ത സ്വപ്നം | 50 |
| 26. | കഥ -മടിയൻ മലചുമക്കും | 51 |
| 27. | കവിത- പ്രഭാതം | 53 |
| 28. | കവിത -മഴയെ ആസ്വദിക്കുന്നവർ | 54 |
| 29. | കവിത -എന്റെ ചിന്തകൾ | 55 |
| 30. | സ്മാർട്ട് ഫോൺ | 56 |
| 31. | കവിത -ശബ്ദം | 57 |
| 32. | പ്രകൃതിയും അതിലെ മനുഷ്യരും | 58 |
| 33. | കഥ -യഥാർത്ഥ ചങ്ങാതി | 59 |
| 34. | മെഴുകുതിരി | 60 |
| 35. | കവിത-തിരമാല | 61 |
| 36. | കഥ -റാസ്ബറി പുഴ | 62 |
| 37. | കഥ- നല്ല ചങ്ങാതിമാർ | 64 |
| 38. | മഹത്മൊഴികൾ | 66 |
| 39. | കഥ-മോതിരം | 68 |

| | | |
|---|---|---|
| 40. | അടിച്ചമർത്തപ്പെട്ട മാതാപിതാക്കൾ | 70 |
| 41. | കവിത - മഴക്കാലം | 71 |
| 42. | ഉപന്യാസം-ഇടുക്കി ചരിത്രത്താളുകളിലൂടെ... | 72 |
| 43. | കഥ- കാട്ടിലെ കണ്ണൻ | 77 |

കവിത

## <u>മഴ</u>

അരികത്തൊരു മഴയെപ്പോലെ
അരികത്തൊരു മഴയെപ്പോലെ
മഴയിലൊരു     കുളിരുണ്ടല്ലോ?
കുളിരിനൊരു സുഗന്ധമുണ്ടല്ലോ?
മഴകൊണ്ടിരിക്കാൻ മോഹമുണ്ടല്ലോ?
ആ മഴ ആസ്വദിക്കാൻ
ഒരു സുഖമുണ്ടല്ലോ?
മഴകാണാൻ കൊതിയുണ്ടല്ലോ?
കറുത്ത മേഘത്തിൽ നിന്ന്
പൂമൊട്ടുപോൽ പൊടിയുന്ന മഴ..
അരികത്തൊരു മഴയെപ്പോലെ
അരികത്തൊരു മഴയെപ്പോലെ

ജെയ്ബിൻ 9B



# കവിത

ലോകമാമി താമര പൂവ് വിരിയും
നേരം തൊട്ടൊഴുകി കല്ലോലിനി ......
കവിതയാമി അമൃതധാരയിൽ
പെട്ട് ബഹുദൂരമൊഴുകുവാൻ
മോഹമെനിക്കെന്നന്തരാത്മാവിൽ
അടങ്ങി കിടക്കാത്തൊരു
കുസൃതികിടാവിനെ പോലെ
പുറത്തു ചാടാൻ ശ്രമിക്കുന്നതെന്തേ.......

അഭിജിത്ത് റെജി
9 C



കഥ

# ഉണ്ണിയപ്പം

ഒരിടത്ത് ഒരു കാട്ടിൽ ഒരു അച്ഛനും അമ്മയും താമസിച്ചിരുന്നു. അവർക്ക് ഉണ്ണിയപ്പം തിന്നണമെന്ന് വളരെ മോഹമായിരുന്നു. അങ്ങനെ അവർ വിറക്ശേഖരിക്കാൻ കാട്ടിൽ പോയി. അവർ വിറക്ശേഖരിച്ചു. അങ്ങനെ അമ്മയുടെ തലയിൽ അച്ഛൻ വിറക് വെച്ച് കൊടുത്തു. അച്ഛന് അച്ഛന്റെതലയിൽ വിറക് വയ്ക്കാൻ പറ്റുന്നില്ല. ഉടൻ അവരുടെ മുൻപിൽ ഒരു പുലി വന്നു. പുലി പറഞ്ഞു "ഞാൻ നിങ്ങളെ സഹായിക്കാം പകരം എനിക്ക് രണ്ട് ഉണ്ണിയപ്പം തരണം" എന്നിട്ട് അച്ഛൻ പുലിയുടെ തലയിൽ വിറക് കയറ്റിവെച്ചു.



വീട്ടിൽ എത്തി അവർ രണ്ട് ഉണ്ണിയപ്പം ഉണ്ടാക്കി. അമ്മ കാണാതെ അച്ഛൻ ഒരെണ്ണം എടുത്തു. അച്ഛൻ കാണതെ അമ്മ ഒരെണ്ണം എടുത്തു. അങ്ങനെ ഉണ്ണിയപ്പം മുഴുവൻ തീർന്നു. പുലിക്ക് കൊടുക്കാനുള്ള ഉണ്ണിയപ്പം തീർന്നു. അച്ഛനും അമ്മക്കും പുലിയെ കെണിയിൽ പെടുത്താൻ തിരുമാനിച്ചു.

പുലി വന്നു. അവർ വീടിന്റെ ചുറ്റും എണ്ണ ഒഴിച്ചു. ഉണ്ണിയപ്പം തീർന്നു എന്നു പറഞ്ഞപ്പോൾ പുലി അവരെ ഓടിച്ചു. അവർ കാൽ വഴുതി കിണറ്റിൽ വീണു. ഇതാണു പറയുന്നത് അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ തന്നെ വീഴും...



അഭിനോ രാജൻ

## കഥ

# പരിശ്രമിച്ചാൽ വിജയത്തിലേക്ക്

ഒരിടത്തൊരിടത്ത് ഒരു രാജകുമാരൻ ഉണ്ടായിരുന്നു. അദ്ദേഹം ഒരു വലിയ രാജ്യം ഭരിക്കുകയായിരുന്നു. പെട്ടന്നായിരുന്നു ആ സംഭവം.



ശത്രു രാജ്യം ആക്രമിച്ചു . ആക്രമണത്തിൽ രാജാവിന്റെ രാജ്യം തകർന്നു. അതിനാൽ രാജാവ് ആ ദേശത്തുനിന്ന് ഓടിയൊളിച്ചു. കൂടെ കുറച്ചു ഭടൻമാരും. അവർ ഒരു കാട്ടിലാണ് ഓടിയൊളിച്ചത്. കുറച്ച് നാളുകൾ കഴിഞ്ഞപ്പോൾ രാജാവിന് തന്റെ തോൽവിയെക്കുറിച്ചു നാണം തോന്നിത്തുടങ്ങി. അതിനാൽ അദ്ദേഹം വീണ്ടും ഒരുയുദ്ധം കൂടി നടത്താൻ തീരുമാനിച്ചു. ഏതെങ്കിലും ഒരു ചെറിയ രാജ്യത്തെ ആക്രമിക്കാൻ രാജാവ് തീരുമാനിക്കയുണ്ടായി. അവർ തീവ്രവാതികളെപ്പോലെ ശത്രു രാജ്യത്തിൽ നുഴഞ്ഞു കയറി ആ രാജ്യത്തിലെ ആളുകളെ കൊല്ലാൻ തുടങ്ങി. പതുക്കെ പതുക്കെ ആ രാജ്യത്തിലെ ജനസംഖ്യ കുറഞ്ഞു വരാൻ തുടങ്ങി . ബാക്കി കുറച്ചുപേരെ അദ്ദേഹം കൊല്ലുമെന്ന് ഭയപ്പെടുത്തി. അങ്ങനെ രാജ്യത്തിലെ രാജാവിനെയും കൊല്ലുകയുണ്ടായി. ആ രാജ്യത്തെ അദ്ദേഹം കീഴടക്കിഭരിച്ചു .ആങ്ങനെ അദ്ദേഹം കുറച്ചു രാജ്യത്തെക്കൂടി കീഴടക്കി .കുറച്ചു വർഷങ്ങൾകൊണ്ട് അദ്ദേഹം ഒരു വലിയ രാജ്യം ഉണ്ടാക്കി. അങ്ങനെ അദ്ദേഹം ആ രാജ്യം അടക്കി ഭരിച്ചു.....



അഭിഷേക് ബിനോയ്
൯ C

കവിത

# കണ്ണീർ മഴ

കണ്ണീർ തുള്ളിയായി പെയ്യും മഴ മനസ്സിൻ കുളിരായ്...

പെയ്യും മഴ മനസ്സിൻ കുളിരേ

മനസ്സിൻ കുളിരേ മനമോടെ

നീ കുളിരേ നീയെ ജീവൻ

നീയെ ജീവൻ പ്രക്രുതിക്കുനീയെ

ഒരു ജീവൻ സർവ്വ ജീവനും മഴയെ നീ ജീവൻ

അതായത് സർവ്വ ലോക ജീവ ജന്തുവിനും

മഴയെ നീ ജീവൻ

എന്തിനും നീയെ ജീവൻ

അതുൽ എം ബി

*9 B*

# കവിത

## മഴ

കാർമേഘം ഓടിയെത്തി
ചടപടചടപട ഇടിവെട്ടി
കർക്കിടക കാലം വന്നെത്തി
മഴയും കാറ്റും ആഞ്ഞു വീശി
പുതുമണ്ണിൻ മണം എത്തി
ചടപട ചടപട ഇടിവെട്ടി
കുട്ടു കുട്ടു കുട്ടു കുട്ടു മഴ എത്തി
പുഴയിലെ മീനുകൾ തുള്ളിച്ചാടി
പുതുമണ്ണിൻ മണമെത്തി
കാർമേഘങ്ങൾ ഓടി മാറി
മഴവില്ലിൻ വർണമെത്തി




എബിറ്റ് ഷാബു
**9B**

# കവിത

## ഹൈറേഞ്ച് മഴ

ദൂരെ ദൂരെ നിന്ന് വരും നീല മഴ
കറുത്ത കറുത്തിരിക്കും ആ കരിഞ്ഞ മേഘം
ഭൂമിയെ  കുളിരണിയിക്കും ആ കുളിർ മഴ
പ്രളയം വരും നേരം വില്ലനാകും ആ ചാത്തൻ മഴ.....
വരൾച്ച വരും നേരം ഹീറോയാകും ചാറ്റൽ മഴ
സ്കൂളിലെ കുട്ടികൾക്ക് അവധി നൽകും ആ പൊൻ മഴ......
പി .റ്റി. വരുമ്പോൾ ഉറഞ്ഞു തുള്ളും ആ ചീഞ്ഞ മഴ
പോപ്പി കുടയുടെ ദാഹം തീർക്കും ആ കുഞ്ഞു മഴ
പാവം പാവം ഗ്രൗണ്ടുകളെ ചെളിയാക്കും ആ ഒടിയൻ മഴ
സൂര്യനെ പുകയ്ക്കും ആ ചതിയൻ മഴ
പാവം പാവം പാമ്പുകളെ മാളത്തിൽ കയറ്റും ആ കാലൻ മഴ



കവി :അജിൽ വർഗിസ്
9B

# കഥ

## കള്ളനും പോലിസും

അടിമാലി എന്നൊരു വലിയ നഗരത്തിൽ പാക്കരൻ എന്നൊരു ഭൂലോക കള്ളനും, ഇടിവെട്ട് സുഗുണൻ എന്നൊരു കിടിലൻ പോലിസും ഉണ്ടായിരുന്നു. ഇവർ എന്നും ഓട്ടത്തിലായിരുന്നു.



**നാട്ടുകാർ കള്ളനെ കുറെയൊക്കെ പ്രാകിയിട്ടുണ്ട് .പോലിസിനെ കുറെ പുകഴത്തിയിട്ടുണ്ട്.പോലിസിനെ കബളിപ്പിച്ച് കുറെ കളവ് പാക്കരൻ ചെയ്തിട്ടുണ്ട്.സുഗുണൻ പാക്കരന്നെ കുറെ തവണ പിടിച്ചിട്ടുണ്ട്.കള്ളനായാലും പാക്കരന്റേത് വലിയ മനസ്സായിരുന്നു. പാവപ്പെട്ടവരെ സഹായിക്കലായിരുന്നു**

പാക്കരന്റെ ഏകജോലി. അതിനാൽ സുഗുണന് പാക്കരനോട് ശത്രുതയില്ലായിരുന്നു. ഒരിക്കൽ പാക്കരൻ അവിടത്തെ ഏറ്റവും വലിയ ധനികന്റെ വീട്ടിൽ കക്കാൻ കയറി. അവനെ ആ വിട്ടിലെ സെക്യൂരിറ്റികൾ തല്ലി തല്ലിക്കൊന്നു. ആ നാട്ടിലെ പാവപ്പെട്ട നാട്ടുക്കാർ അവനെ തിരക്കി ആ വീട്ടിൽചെന്നു.അവൻ മരിച്ചുവെന്ന് അയ്യാൾ പറഞ്ഞു. സുഗുണൻ ആയാൾക്കെതിരേ വലിയ രീതിയിൽ കേസ് എടുത്തു.

അജിൽ വർഗിസ്

9 ബി



# കവിത

## മഴ

കണ്ണുനീർപോലെ തുള്ളിയായി വീഴും മഴ
ഭൂമിയിൽ ജീവൻ നൽകും മഴ.
മഴയുടെ സൗന്ദര്യലഹരിയിലാർന്ന-
വരിൽ ആനന്ദം നിറയുന്നു.
ആ ആനന്ദത്തിൽ മഴ ഒരു വരമാകുന്നു
ജീവിതത്തിൽ മഴയുടെ സൗന്ദര്യത്തെ -
വിവരിക്കുവാൻ വാക്കുകളില്ല.
ഇടക്ക് മഴ മഹാകാളിയെപ്പോലെ
കോപിക്കുന്നതിനുകാരണം പ്രകൃതിയോട്
മനുഷ്യർ ചെയ്യുന്ന പ്രവർത്തികളാണ്.
മഴ ഭൂമിയിൽ ഏകുന്നതുപോലെ
ജീവിതത്തിനും കുളിർമ ഏകുന്നു.

അലൻ ആന്റണി

**8 A**

കവിത

# വർത്തമാനകാലം

നഷ്ടങ്ങൾ വാതുവയ്പ്പിനുള്ളതെന്ന
കപട വിളംബരവുമായി
ആധുനിക യാത്രകൾ
ചിതലരിക്കുന്ന പുസ്തകങ്ങൾ
നഷ്ടപ്പെട്ട നോട്ടുകെട്ടുകൾ പോലെ
മനം മടുപ്പിക്കുന്നു.



സകലകലയുടെ തീവ്രമായ സംഘട്ടനം

ജൈത്ര യാത്ര തുടരുന്നു.

അക്ഷരങ്ങൾക്കവിടെ വീർപ്പുമുട്ടൽ

ഞെരുങ്ങിയമർന്ന് രക്ഷപെടാനാവാതെ

അവ കാലത്തോട് പരിതപിക്കുന്നു.

വാട്സാപ്പിലും ഫേസ്ബുക്കിലും കാണാത്ത

വികാരങ്ങൾ അന്യതാബോധത്തിൽ

നെടുവീർപ്പുകളായി അവശേഷിച്ചു.

വറ്റിവരണ്ട പുഴയും അന്യമായ മഴയും

ആധുനികതയുടെ മുഖമുദ്ര.

കൃഷിയിടങ്ങൾ വൻ സമുച്ചയങ്ങൾക്ക് സ്വന്തം

വാതുവയ്പിന്റെ അകത്തളങ്ങളിൽ

ബന്ധങ്ങൾ അലമുറയിടുന്നു.

ശ്വാസം മുട്ടിക്കുന്ന ഘടികാരശബ്ദം

ഓട്ടത്തിന്റെ തീവ്രത കൂട്ടുന്നു.

ആർദ്രമായ സംസ്കൃതിയും ഗ്രാമവും

എന്തെന്ന് വർണ്ണിക്കാനുള്ള

തെറ്റായ ചോദ്യത്തെ അമ്പരപ്പോടെ

നോക്കുന്ന നൂറു കണ്ണുകൾ,

എന്നെ പേടിപ്പെടുത്തുന്നു.

*ആൽബർട്ട് സിനോജ്.*



## ഉപന്യാസം

# മാലിന്യ മുക്തമായ കേരളം

ഈ ഉപന്യാസത്തിലെ പ്രധാനപ്പെട്ട വിഷയം നമ്മുടെ മാലിന്യമുക്തമായ കേരളത്തെക്കുറിച്ചാണ്. ഇന്നത്തെ കേരളം മലിനമാകാൻ കാരണമാകുന്നതിനെപ്പറ്റിയും അതിനെ നമ്മൾ എങ്ങനെ തടയാം എന്നുമാണ് ഇതിൽ എഴുതാനുദ്ദേശിച്ചിരിക്കുന്നത്. നമ്മൾ ഈ മലിനമായ കേരളത്തെ നല്ല ശുദ്ധമായ കേരളമാക്കി മാറ്റണം. അതിനായി കേരളീയ ജനത നിരന്തരം പരിശ്രമിക്കാൻ തയ്യാറാകണം. അങ്ങനെ നമ്മുടെ കേരളം പ്രകൃതിയുടെമനോഹാരിതയെ കൂട്ടുതൽ മനേഹരമാക്കണം. മനുഷ്യരുടെ ദുഷ് പ്രവൃത്തികൾ മൂലമാണ് പ്രകൃതി മലിനമാകുന്നത്. അതിനെ നമ്മൾ തീർച്ചയായും തടയണം.അങ്ങനെ നമ്മുടെ കേരളത്തെ പച്ചപ്പ് നിറഞ്ഞ പ്രദേശമാക്കിമാറ്റാം. മനുഷ്യന്റെ പൂർണ സഹകരണത്താൽ മാത്രമേ ഇങ്ങനെയുള്ള കാര്യങ്ങൾ എല്ലാം നമുക്ക് നടപ്പാക്കാൻ സാധിക്കു. മലിനതയെ തടയാൻ ആദ്യം നമ്മൾ മുന്നിട്ട് നിൽക്കുക.അതിനായി നമ്മൾ പൊതു സ്ഥലങ്ങളിൽ പ്ലാസ്റ്റിക് കവറുകളും കുപ്പികളും പ്രകൃതിക്ക് ദോഷമായ സാധനങ്ങളൊന്നും കുന്ന കൂട്ടിയിടാതിരിക്കണം. മലിന ജലങ്ങളൊന്നും പുഴകളിലും അരുവികളും റോഡുകളിലും ഒഴിക്കാതിരിക്കുക. വാഹനങ്ങളിൽ നിന്നും ഫാക്ടറികളിൽ നിന്നുമുള്ള പുകയെ നിയന്ത്രിക്കുക.

ഇങ്ങനെയൊക്കെയുള്ള പൊതുവായ കാര്യങ്ങൾ ചെയ്യാതിരിക്കുകയാണെങ്കിൽ നമ്മുടെ കേരളം മാലിന്യമുക്തമായി മാറും.ഈ കാര്യങ്ങളെല്ലാം തുടർന്നുകൊണ്ടിരുന്നാൽ നമ്മുടെ കേരളത്തിന്റെ അവസ്ഥ വളരെ വേദനാജനകവും ദയനീയവുമായിരിക്കും. കാരണം, പ്രകൃതിയെ ചൂഷണം ചെയ്യുന്ന കാര്യങ്ങളെല്ലാം നമുക്ക് ദോഷമായി മാറുന്നതാണ്.പ്രകൃതിയെ മനുഷ്യൻ ചൂഷണം ചെയ്യുന്നതിലൂടെ പ്രകൃതിക്ഷോഭം വന്നാൽ നമ്മുടെ കേരളത്തിലെ ഓരോ പ്രദേശങ്ങളും ഇല്ലാതായി തീരും.പൊതുസ്ഥലത്ത് കൊണ്ടിടുന്ന വേസ്റ്റ് സാധനങ്ങൾ മൂലം പ്രകൃതിക്കും മനുഷ്യനും ദോഷം തന്നെയാണ്. കാരണം,വേസ്റ്റ് സാധനങ്ങൾ മണ്ണിൽ ലയിച്ചുചേർന്ന് പ്രകൃതിക്ക് ദോഷം സംഭവിക്കുന്നു.ഈ വേസ്റ്റ് സാധനങ്ങളുടെ മണം മൂലം മനുഷ്യന് വിവിധ രോഗങ്ങൾ സംഭവിക്കുകയും അതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യേണ്ടിവരുന്നു. മലിനജലങ്ങൾ പുഴകളിലും റോഡുകളിലും ഇറങ്ങുന്നതിലൂടെ മണ്ണ് നശിക്കാൻ കാരണമാകുന്നു. ഈ ജലത്തിലൂടെ മനുഷ്യന് വിവിധ തരത്തിലുള്ള രോഗങ്ങൾ വന്നു ഭവിക്കുന്നു.എന്തു മലിനീകരമായ പ്രവൃത്തി ചെയ്താലും അത് മനുഷ്യനും പ്രകൃതിക്കും ഒരുപോലെ ദോഷം ചെയ്യുന്നതാണ്.അതുവഴി ഒത്തിരി ജനങ്ങൾ മരിക്കുകയും ചെയ്യുന്നു. ഈ മലിനകരമായ പ്രവൃത്തി മനുഷ്യൻ എന്നു നിർത്തുന്നോ അന്നു മാത്രമേ ഈ കേരളം മലിനമുക്തമാവുകയുള്ളൂ. ആ തിരിച്ചറിവ് മനുഷ്യരായ നാമോരോരുത്തരും മനസ്സിലാക്കിയിരിക്കണം. പ്രകൃതി മനുഷ്യരിനിയും നശിപ്പിക്കരുതെന്ന് നല്ലവർ ആഗ്രഹിക്കുന്നുണ്ട്. ആ ആഗ്രഹം നമ്മൾ സഫലമാക്കാൻ ബാധ്യസ്ഥരാണ്.അതിനായി നമ്മൾ ഒരുമിച്ചു നിന്ന് പോരാടണം.അങ്ങനെ നമുക്ക് പ്രകൃതിയേയും കേരളത്തെയും മലിനമുക്തമാക്കാൻ സാധിക്കും.

ഈ മലിനമുക്തമായ കേരളത്തെ നമ്മൾ വീണ്ടും മലിനമാക്കിയാൽ അത് മനുഷ്യരായ നമ്മളെയും പ്രകൃതിയെയും വളരെ ദോഷം ചെയ്യുന്നതാണ്.അങ്ങനെ നമ്മുടെ കേരളത്തെ ഓർത്ത് നമുക്ക് എന്നും അഭിമാനിക്കാവുന്നതാണ്. അങ്ങനെ മനോഹരമായ ജീവിതം അനുഭവിക്കാൻ നമുക്ക് കഴിയും. ഒരു സ്വർഗ്ഗം പോലെയാകും.ഈ നമ്മുടെ കേരളം പിന്നീട് പ്രകൃതി നമുക്ക് വരദാനങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. പിന്നീട് മനുഷ്യർ തിന്മ പ്രവൃത്തിക്കാതിരുന്നാൽ നമുക്ക് വളരെ സന്തോഷകരമായ ജീവിതം നയിക്കുകയും ചെയ്യാം. പ്രകൃതിക്കും കേരളത്തിനും വളരെ നല്ല വ്യക്തിത്വങ്ങളായി നമുക്ക് മാറുകയും ചെയ്യാം.

അൽബീന ബേബി-*8C*

കവിത

# പ്രകൃതി വർണങ്ങൾ

പച്ചപ്പട്ട് വിരിച്ചതു പോലൊരു
പ്രഭയേറുന്ന പുൽത്തകിട്
പിച്ചി,താമര,പൂക്കൾ വിടർത്തും
സുഗന്ധമടങ്ങിയ നിറപ്പകിട്ട്
നല്ലൊരു ചിത്രം വരച്ചതുപോലൊരു
പ്രഭയേറും നിറമുള്ള വർണ്ണങ്ങൾ
എവിടെത്തിരിഞ്ഞൊന്നുനോക്കിയാലും
വർണ്ണങ്ങൾ നിറച്ചൊരു പ്രകൃതിഭംഗി
ഉരുണ്ടുരുണ്ടൊരു കല്ലുണ്ട്
അതിൽ നിറയെവെള്ളത്തൊരു കൊക്കുണ്ട്
അതിൽ കാവി നിറമുള്ള ചിത്രമുണ്ട്
പച്ചിലയുള്ളൊരു മാവുണ്ട്
ആ മാവിൽ സ്വാദേറും പച്ച മാങ്ങയുണ്ട്

ധര നീലയാക്കും നീലാകാശം
അതിലായിരം പറവകൾ പറക്കുന്നു
മഞ്ഞ നിറമുള്ള സൂര്യനുണ്ട്
ആ സൂര്യൻ നയിക്കും ജനതയുണ്ട്
വനത്തിൽ നിറയും ചെഞ്ചുമപ്പ്
ആരുവിടർത്തുന്നൊരു നിറപകിട്ട്
അപ്പോൾ വരുന്നിതാ
കറുത്ത നിറമുള്ള മേഘങ്ങൾ
ആ മേഘം പരത്തിയ വർണ്ണങ്ങൾ
മയക്കുന്നു നമ്മിലെ വർണ്ണങ്ങൾ

ആൽഫ്രഡ്

*9 C*



കവിത

# കൊമ്പൻ

കാട് കുലുക്കി കാട്ടിൽ  കയറും കൊമ്പൻ
ചിന്നംവിളിക്കും കൊമ്പൻ
കൊമ്പൻ പാവം കൊമ്പൻ
കാട് ഇളക്കും കൊമ്പൻ
കാടിനൈശ്വര്യം  കൊമ്പൻ
ഭൂമി കുലുക്കും  കൊമ്പൻ
നമുക്ക് പേടി സ്വപ്നം കൊമ്പൻ
കൊമ്പൻ പാവം കൊമ്പൻ

അമൽ ബാദുഷ
9 C



# നല്ല ചങ്ങാതിമാര്

ഒരിടത്ത് രണ്ട് കൂട്ടുകാർ ഒരു വീട്ടിൽ താമസിച്ചിരുന്നു.അവർ ഉറ്റചങ്ങാതിമാരായിരുന്നു. അതിൽ അപ്പു എന്നയാൾ വളരെ പൊക്കമുള്ളതും വെളുത്തുമാണ്.അതുകൊണ്ട് തന്നെ അവൻ കാണാനും സുന്ദരനായിരുന്നു.അക്കു എന്നയാൾക്ക് ഇരുനിറവും, അപ്പുവിനേക്കാൾ പൊക്കം കുറഞ്ഞവനുമായിരുന്നു.പക്ഷേ, അവനെ കാണാൻ സുന്ദരനുമായിരുന്നു.ഇരുവരും രണ്ട് ക്ലാസ്സുകളിലാണ് പഠിച്ചിരുന്നത്.അപ്പു അക്കുവിനേക്കാൾ ഇളയവനായിരുന്നു.അക്കു മുതിർന്നകുട്ടിയായിരുന്നതിനാൽ അവന്റെ വീട്ടുകാർ അവനെ എപ്പോഴും വഴക്കുപറയുമായിരുന്നു.കാരണം, അപ്പു തന്റെ സൗന്ദര്യത്തിൽ ലയിച്ചിരിക്കുകയാണ്.

അതെ തെറ്റിലേക്ക് അപ്പുവിനെ അത് നയിക്കുകയായിരുന്നു.ഒരു ദിവസം അപ്പു തന്റെ സൗന്ദര്യത്തിന്റെ പേരിൽ അഹങ്കാരിയായി മാറി. പക്ഷെ, അക്കു ഇളയകുട്ടിയാണ്. അവനും ഇതുകണ്ടാണ് പഠിക്കുന്നത്. ഒരിക്കൽ അക്കു തന്റെ സൗന്ദര്യം കൂട്ടാനായി കുറച്ച് മരുന്ന് വാങ്ങി തേച്ചു.ഒരു മാസം കഴിഞ്ഞപ്പോൾ അവന്റെ മുഖം വല്ലാതെ വികൃതമായി.ദൈവം തരുന്നത് മാത്രം മതി എന്നവിചാരത്തോടെ മാത്രമേ ജീവിക്കാവൂ.അമിതമായാൽ ആപത്താണ്.

അന്ന

9 C



# ചെറുകഥ

## സ്നേഹത്തിന്റെ വില

സ്നേഹം മനുഷ്യനെ പുതിയ ജീവിതത്തിലേക്ക് നയിക്കുന്നു. സ്നേഹിക്കുന്ന ഓരോനിമിഷവും നമ്മൾ നമ്മളല്ലാതായി തീരുന്നു. അതുപോലെ സ്നേഹിക്കുന്ന ഒരാളുടെ കഥയാണ് ഞാൻ പറയാൻ പോകുന്നത്. ഒരു ഗ്രാമത്തിൽ വളരെ പാവപ്പെട്ട കുടുംബത്തിലെ ഒരു കുട്ടിയുണ്ടായിരുന്നു അവനെ എല്ലാവർക്കും വെറുപ്പായിരുന്നു . അവൻ ഒരു ദിവസം കടയിൽ പോയപ്പൾ അവനേ കാണുമ്പോൾ എപ്പോഴും കളിയാക്കുന്ന ഒരു കുട്ടി റോഡിൽ വീണ്

കിടക്കുന്നതു കണ്ടു . ആരും തിരിഞ്ഞ് നോക്കാതിരുന്ന അവനെ അ പാവപ്പെട്ട കുട്ടി ഓടിച്ചെന്ന് അവന്റെ വീട്ടിലെത്തിച്ചു. അവന്റെ അ സ്നേഹത്തിനു മുന്നിൽ അവൻ അലിഞ്ഞുപോയി. അങ്ങനെ അവരുടെ കൂട്ടത്തിലെ ഒരു കണ്ണിയായി അവൻ മാറി.

നമ്മൾ ആരെയെങ്കിലും സ്നേഹിച്ചാൽ അത് നമുക്ക് തിരിച്ച് കിട്ടുംഎന്ന പ്രതീക്ഷയിൽ ചെയ്യുക.

അഷ്ടാക്ക്

9 C



# കവിത

## മേഘവും മഴയും

കാണുന്നതല്ലെയീ  ലോകം   നിൻ കണ്ണീരിൽ കുളിരു -
ന്നൊരീ ലോകം , കാലത്തിന്റെ മാറ്റത്തിന്റെ
കളിയാണു നീ .നിൻ കണ്ണീര് കാത്തിരിക്കുന്നു
ഈ ഭൂലോകം മുഴുവൻ ,നിന്റെ യാത്രയിൽ ഞാനും
പോരട്ടെനിന്റെ കൂടെ.ഈ കണ്ണീരിൽ ഞാൻ
പങ്കുചേരട്ടെ ,ചേർന്നോട്ടെ ,
എന്ന കനിവ് നീ കാണിക്കണംയാചിക്കുന്നു
നിന്റെ കൃപക്കായി .
കാണുന്നതല്ലെയീ  ലോകം നിൻ കണ്ണീരിൽ കുളിരു -
ന്നൊരു ഈ ലോകം .



-അശ്വമാലിക .വി

9B

ലേഖനം

# സ്ത്രീ എന്ന മഹത്വം

സ്ത്രീ എന്ന വ്യക്തിക്ക് ദൈവത്തിന്റെ സ്വഭാവവും സ്ഥാനവും മഹത്വവും ഉണ്ട്. സ്ത്രീ കുടുംബത്തിന്റെ ചൈതന്യമാണ്, സ്നേഹത്തിന്റെ മൂർത്തിഭാവമാണ്,സൃഷ്ടിയുടെ പൂർണ്ണതയാണ്. ലോകാരംഭം മുതൽ ഇന്നോളം തലമുറയിലൂടെ 'സ്ത്രീ' മാനവരാശിയിൽ മുഴവൻ നിറഞ്ഞുനിൽക്കുന്നത് അവളുടെ 'മാതൃത്വം'എന്ന അനർഘ സിദ്ധിയിലൂടെയാണ്.നമ്മുടെ പുണ്യഭൂമിയായ ഭാരതം അവളെ മാതാവായും ശക്തിസ്വരൂപണിയായും



ദേവിയായും കണ്ടിരുന്ന ഒരു കാലഘട്ടം ഇനിയും വളരാൻ ഏറെയുണ്ട്.

സ്ത്രീയെ ഒരു ദൈവീക ദർശനത്തിൽ വീക്ഷിക്കുമ്പോൾ അവളെ സൃഷ്ടിക്കുന്നതിനു മുൻപുതന്നെ ദൈവത്തിന്റെ മനസ്സിൽ അവൾക്കൊരു സ്ഥാനമുണ്ടായിരുന്നു.സ്ത്രീ ദൈവത്തിന്റെ ഒരു നിഗൂഢതയാണ്. ഉള്ളിലനേകം വിഷമങ്ങളും സങ്കടങ്ങളും സഹിച്ച് തനിക്ക് ചുറ്റുമുള്ളവരെ സന്തോഷത്തോടെയും സ്നേഹത്തോടെയും പരിപാലിക്കും.താൻ നൽകുന്നത് തിരിച്ച് തനിക്ക് ലഭിക്കും, അല്ലെങ്കിൽ ലഭിക്കണം എന്നൊരു മനോഭാവം സ്ത്രീ എന്ന വ്യക്തിയുടെ മനസ്സിലില്ല.സ്ത്രീ അവളുടെ മാതൃത്വം എന്ന രഹസ്യത്തിലൂടെയാണ് സൃഷ്ടിയുടെ പൂർണ്ണത തേടുന്നതും കൈവരിക്കുന്നതും ത്യാഗത്തിന്റെ പ്രതീകമാണ് സ്ത്രീകൾ. അതുകൊണ്ട് തന്നെ സ്ത്രീ മാനവകുടുംബത്തിന്റെ അമ്മയാണ്.



-അശ്വമാലിക.വി

*9 B*

# കഥ

## എലിക്കെണി

ഒരിക്കൽ ഒരു കർഷകനും ഭാര്യയും വീട്ടിൽ വച്ച് സംസാരിക്കുന്നത് , ഭിത്തിയിലെ ചെറിയ ദ്വാരത്തിൽ താമസിച്ചിരുന്ന എലി കേട്ടു. “ഈ വീട്ടിൽ എന്തുസാധനം വാങ്ങിച്ചാലും കിട്ടുകയില്ല ഒക്കയും എലി കൊണ്ടുപോകും ,നമ്മുക്കൊരു എലിക്കെണി വാങ്ങിയാലോ?” കൃഷിക്കാരൻ അഭിപ്രായപെട്ടു. ഇതുകണ്ട എലിക്ക് ആധിയായി. അവൻ നേരേ പോയത് കോഴിപ്പൂവന്റെ അടുത്തേക്കായിരുന്നു. ”ദേ ,വീട്ടിൽ ഒരു എലിക്കെണി വെച്ചിരിക്കുന്നു.” “പ്രിയപെട്ട ചങ്ങാതീ ,നീ




എലിക്കെണിയിൽ വീഴാതെ നിന്റെ മാളത്തിൽ കയറി

അടങ്ങിയൊതുങ്ങി ഇരിക്കു......" അവൻ ഉപദേശിച്ചു.അവൻ ഓടിച്ചെന്ന് കൂട്ടുകാരനായ ആടിനോട് പറഞ്ഞു "ദേ ഒരു എലിക്കെണി വെച്ചിരിക്കുന്നു"

സഹതാപത്തോടെ ആട് പറഞ്ഞു "എനിക്കെന്തു ചെയ്യാൻ സാധിക്കും. ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിക്കാം."ഇടറിയ മനസ്സോടെ എലിക്കുട്ടൻ നേരേപോയത് തൊഴുത്തിലെ പശുവിന്റെ അടുത്തേക്കായിരുന്നു. അവൻ എലിക്കെണിയുടെ കാര്യം പശുവിനോട് പറഞ്ഞു. "ഇതൊന്നും എന്നെ ബാധിക്കുന്ന കാര്യമല്ലായെന്ന് പറഞ്ഞു പശുവും അവനെ കൈയൊഴിഞ്ഞു."

നിരാശനായ എലിക്കുട്ടൻ സ്വന്തം മാളത്തിൽ പോയിരുന്ന് കരഞ്ഞു.രാത്രയായപ്പോൾ എലിക്കെണിയിൽ എന്തോ വീണു. വീട്ടമ്മ എഴുന്നേറ്റുച്ചെന്നു. നിർഭാഗ്യമെന്നു പറയട്ടെ കെണിയിൽ വീണത് ഒരു വിഷപാമ്പായിരുന്നു.എലിയാണെന്നു കരുതി ചെന്ന വീട്ടമ്മയെ പാമ്പ് കടിച്ചു.ആശുപത്രിയിലെ

ചികിത്സ ഫലിച്ചില്ല. തിരികെ വീട്ടിൽ എത്തിയ അവരോട് ആരോ പറഞ്ഞു, ഒരു പൂവൻ കോഴിയെ സൂപ്പ് വച്ച് ഭാര്യക്ക് കൊടുത്താൽ അസുഖം മാറുമെന്ന്. കൃഷിക്കാരൻ പൂവൻ കോഴിയെ കൊന്ന് സൂപ്പുവെച്ച് ഭാര്യക്ക് കൊടുത്തു.എന്നിട്ടും അസുഖം മാറിയില്ല. അപ്പോഴാണ് ഇറച്ചിവെട്ടുകാരനായ അയൽക്കാരൻ, ആട്ടിറച്ചി കഴിച്ചാൽ രോഗം ഭേദമാകുമെന്ന് പറഞ്ഞത്. കേട്ടപടി കൃഷിക്കാരൻ ആടിനെ കൊന്ന് ഇറച്ചി കറിവെച്ച് ഭാര്യക്ക് കൊടുത്തു. അത്ഭുതമെന്നു പറയട്ടെ അവളുടെ രോഗം ഭേദമായി. ആഹ്ളാദ സൂചകമായി അയാൾ തന്റെ പശുവിനെ കൊന്ന് സമൃദ്ധമായ ഒരു സദ്യ നാട്ടുകാർക്ക് നൽകി. ഇതെല്ലാം കണ്ട് എലിക്കുട്ടൻ മാളത്തിലിരുന്ന് കരഞ്ഞു. മൂന്നു കൂട്ടുകാർ തനിക്ക് നഷ്ടമായല്ലോ.



ബ്രിജിൽ

**9 C**

## കഥ

# മാന്ത്രികമോതിരം

ഒരിടത്ത് ഒരു നിഷ്കളങ്കനായ കുട്ടിയുണ്ടായിരുന്നു. അവൻ അനാഥനായിരുന്നു. പ്രഭുക്കൻമാരുടെ ഭവനത്തിൽ അവിടുത്തെ ജോലികൾചെയ്താണ് അവൻ ജിവിച്ചിരുന്നത്. അവന് അവിടെ വളരെ സങ്കടമായിരുന്നു.സങ്കടങ്ങള് ഉണ്ടാകുമ്പോൾ അവൻ ആ പ്രദേശള്ള ഒരു ആലിൻ ചുവട്ടിൽ പോയിരിക്കും. അവിടെ അവന് അണ്ണാരക്കണ്ണൻമാരും മാടത്തത്തകളും കൂട്ടിനുണ്ട്. ഒരുദിവസം അവൻ സങ്കടത്തോടെ അവിടെയിരിക്കുകയായിരുന്നു, കൂട്ടുകാരുമെത്തി കൂട്ടിന്. അവർ അങ്ങനെയിരിക്കെ ആകാശത്ത് ഇതുവരെ കണ്ടിട്ടില്ലാത്ത വളരെമനോഹരമായ



ഒരു പക്ഷിയെകണ്ടു മാടത്തപറഞ്ഞു അത്
ഒരുമാന്ത്രികദേവതയാണ്.പെട്ടെന്നുതന്നെ

ആ മനോഹരപക്ഷി ആകാശത്തനിന്നും മാഞ്ഞു. അവരുടെ ശ്രുദ്ധ മാറി .

ഇലകൾക്കിടയിലൂടെ എന്തോ ഒന്ന് വളരെതിളക്കമാർന്ന് താഴേക്കുവിഴുന്നകതു കണ്ടു. എന്താണ് എന്ന് അറിയുന്നതിനായി ആവർ ഒരുമിച്ച് നിലത്ത് പരതി. അവസാനം എന്താണ് എന്ന് അവർ കണ്ടെത്തി. അത് ഒരു മോതിരമായിരുന്നു. പക്ഷികൾ പറഞ്ഞു ഇത് നിനക്ക് മാന്ത്രിക ദേവത കനിഞ്ഞു നൽകിയതാണ്. അവൻ അത് എടുത്ത് വിരലിൽ ഇട്ടു. അത് വളരെ മനോഹരമായി തിളങ്ങുന്നുണ്ടായിരുന്നു. ആ മോതിരം അവൻെ ആഗ്രഹങ്ങളെല്ലാം സഫലമാക്കി. അവന് വളരെ സന്തോഷമായി. അവന്റെ സങ്കടങ്ങളെല്ലാം അവസാനിച്ചു.

ഡോണ റോയി

9 A



കഥ

# അഹങ്കാരത്തിന് കിട്ടിയ പ്രതിഫലം.

ഒരിടത്ത് ഒരു വനത്തിൽ മൃഗരാജാവായ സിംഹം ഉണ്ടായിരുന്നു. ഈ സിംഹം ഗുഹയിലാണ് താമസിച്ചിരുന്നത്. ചിലപ്പോൾ വേട്ടയാടും ആവശ്യത്തിന് ഇറച്ചി കിട്ടും കാട്ടരുവിയിൽ നിന്ന് വെള്ളം കുടിക്കും. പിന്നെ വിശ്രമിക്കും. ഒരു ദിവസം സിംഹം ഒരു കാളയെ കൊന്നു തിന്നുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഒരു കുറുക്കൻ അതുവഴി വന്നു. സിംഹം ഇറച്ചി തിന്നുന്നതുകണ്ട് കുറുക്കൻ വിചാരിച്ച ഈ സിംഹത്തോടൊപ്പം കൂടിയാൽ സിംഹം കഴിച്ചതിന്റെ ബാക്കി ഇറച്ചി കിട്ടും. ഒരു പണിയും ചെയ്യണ്ട. അതുകൊണ്ട് ചങ്ങാത്തം കൂടുക തന്നെ. കുറുക്കൻ സിംഹത്തിന്റ അടുത്ത് വിനീതനായി, "പ്രഭോ എനിക്കൊരാഗ്രഹമുണ്ട്." സിംഹം 'എന്താണ് നിന്റെ ആഗ്രഹം?' കുറുക്കൻ 'എനിക്ക് അങ്ങയെ സേവിച്ച് എപ്പോഴും കഴിഞ്ഞു കൂടണം. അതിനെന്നെ അനുവദിച്ചാലും.' സിംഹം അത് അനുവദിച്ചു. സിംഹം വേട്ടയാടികൊണ്ടു വരുന്ന ഇറച്ചിയും തിന്ന് ഒരു പണിയും ചെയ്യാതെ

ഇരിക്കുകയാണ്. സിംഹം കുറുക്കനോട് പറഞ്ഞു.'നീ എന്നും കുന്നിൻ മുകളിൽ നോക്കി നമുക്ക് തിന്നാൻ പറ്റുന്ന മൃഗങ്ങളുണ്ടോ എന്ന് പറയണം.'കുറുക്കൻ ഒരു കാര്യം ശ്രദ്ധിച്ചിരുന്നു. എപ്പോഴും വലിയ മൃഗങ്ങളെയാണ് നോക്കിയത്. അവസാനം കുറുക്കൻ അഹങ്കാരമായി. കുറുക്കൻ സിഹത്തോട് പറഞ്ഞു



"പ്രഭോ അങ്ങ് ഇനി മൃഗങ്ങളെ വേട്ടയാടി കൊല്ലേണ്ട അത് ഞാൻ തന്നെ ചെയ്യ് തോളാം."സിംഹത്തിന് കാര്യം മനസ്സിലായി. സിഹം അതിന് സമ്മതിച്ചു. പിറ്റേന്ന് സിംഹം രാവിലെ കുന്നിന് മുകളിൽ കയറി നോക്കി. ഒരു ആന നിൽക്കുന്നത് കണ്ടു. സിംഹം കുറുക്കനോട് പറഞ്ഞു. "അവിടെ ഒരു ആന നിൽപ്പുണ്ട്."സിംഹം പറഞ്ഞതനുസരിച്ച് കുറുക്കൻ ആനയുടെ നേരെ ചാടി. ആന ഇതു കണ്ട് കുറുക്കനെ തുമ്പിക്കൈയിലെടുത്ത് നിലത്ത് ഒരടിയും ചവിട്ടും കുറുക്കന്റെ കഥ കഴിഞ്ഞു.

_എൽസ മരിയ ജോസ്
9 C



ലേഖനം

# പ്രളയം

ഒരു ദിവസം, ആഗസ്റ്റ്8 കേരളം കണ്ട ഏറ്റവും വലിയ ദുരന്തം. എല്ലാവരുടെയും ഭയം പുറത്തുവന്ന ദിവസം, ആ രാത്രി

വൈകുന്നേരം: ഒരു ശക്തമായ മഴ ആഞ്ഞു അടിച്ചു. എല്ലാവരും കരുതിയിരുന്നത് കുഴപ്പം ഒന്നും ഉണ്ടാവുകയില്ലാ എന്നാണ്. എന്നാൽ അടുത്ത ദിവസമായപ്പോള് എല്ലാം നശിച്ചിരുന്നു വിടുകളും, റോഡുകളും, പാലങ്ങളും അങ്ങനെ എല്ലാം.







രക്ഷാകരപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു വലിയവരും ചെറിയവരും എല്ലാം ഒന്നിച്ച് ഒരു ക്യാമ്പിൽ കഴിഞ്ഞു. അവിടെ വേർതിരിവ് ഇല്ലായിരുന്നു. ഒരു പാത്രത്തിൽ അവർ ഉണ്ടു, ഒരു തലയിണയിൽ കിടന്നു.

ഫെലിക്സ് ജോയി



# ഭൂതം

ഒരിടത്ത് ഒരു ഭൂതലോകം ഉണ്ടായിരുന്നു. അവിടെയുള്ള ഭൂതങ്ങൾ എല്ലാം നല്ലവരായിരുന്നു. തിന്മയെ ഇല്ലാതാക്കുന്നവരായിരുന്നു. ഇവർക്ക് ലോകത്ത് നടക്കുന്ന തിന്മകൾ കാണാൻ സാധിക്കുമായിരുന്നു. ഒരു ദിവസം ഒരു പാൽ ക്കാരൻ പാലിൽ വെള്ളം ക്രൂടുതൽ കലക്കുന്നത് കണ്ടു. നിരവധി സ്ത്രീകളും കുട്ടികളുമാണ് ചതിക്കപ്പെടുന്നത് .
ഇതു കണ്ട ഭൂതത്തിനു കോപം വന്നു. എന്നിട്ട് ആ പാൽക്കാരനെ ഒരു പാഠം പഠിപ്പിച്ചു. പിന്നീട് ആ പാൽക്കാരൻ എല്ലാവർക്കും പാൽ സൗജന്യമായി നൽകി..........



ഫെലിക്സ് ജോയി

കഥ

# പോർക്കളം

രണ്ട് വലിയ രാജ്യങ്ങൾ തമ്മില്ലുള്ള വലിയ യുദ്ധം. മാഹിഷമതി എന്ന വലിയ രാജ്യവും കുണ്ടളദേശം എന്നൊരു വലിയ രാജ്യവും. ഈ രാജ്യങ്ങൾ തമ്മിലുള്ള കൊട്ടും യുദ്ധം.രണ്ടു രാജാക്കൻമാരും വലിയ ശത്രുക്കളായിരിന്നു. മഹിഷമതിയിലെ രാജാവിന്റെ മകൻ ശശിയായിരുന്നു. കുണ്ടളദേശത്തെ രാജാവിന്റെ മകൻ സോമനായിരുന്നു

ഇവർ തമ്മിൽ പിരിയാനാവാത്ത സുഹൃത്തുക്കളായായിരുന്നു. യുദ്ധത്തിന്റെ ഇടയിൽ രാജാക്കൻമാർ അവരുടെ മകളെ

യുദ്ധത്തിലേക്കു അവരെ വിളിച്ചുവരുത്തി. അവരുടെ പിതാക്കൻമാർ ആ പോർക്കളത്തിൽ വീരമൃത്യു വരിച്ചു. അവരുടെ മകൾ സ്വയം കുത്തി മരിച്ചു. ഇതു കണ്ടു നിന്ന പടയാളികൾക്ക് സഹതാപം വന്നു അങ്ങനെ ആ യുദ്ധം അവസാനിപിച്ചു

ഗൗതം കൃഷ്ണ

9 B



# കാലത്തെ കൊണ്ടുപോയ മഴ

മഴയായിരുന്നെന്റെ  ലോകം
വിധി കൊണ്ടു പോയി അതിവേഗം
മഴ കൊണ്ട് കഥ നെയ്ത കാലം
തിരികെ വരുകില്ല ഏതായാലും.

ഞാൻ ഏകനല്ല ഇവിടെ
നിൻ ഓർമ്മയുണ്ട് കൂടേ.
പ്രിയമുള്ള കൂട്ടുകാരി
എന്നെ മറന്നീടല്ലേ.

പൂന്തിങ്കളായിരുന്ന സ്നേഹിച്ചിരുന്ന കാലം
മഴയെ വരവേൽക്കാൻ ജീവിച്ചിരുന്ന ലോകം.
തിരികെ വരുമോ , അരികെ വരുമോ
ആ നല്ല കാലം.

കവി : ഗൗതം കൃഷ്ണ
9 B

# കവിതമായാത്ത സ്വപ്നം

നാട്ടിൻ പുറത്തൊന്നു പോയിടേണം
അവിടത്തെ നാട്ടാരുമായൊത്തു കൂടിടേണം
ഒരു കൊട്ട സ്വപ്നങ്ങൾ വാരിവിതറുന്ന
സ്നേഹസമൃദ്ധിതൻ നാടാണ്
നാട്ടിലെ മാവിൻെറ ചോട്ടിലിരുന്നൊന്ന്
കൂട്ടരുമൊത്ത് കളിച്ചിടേണം
നാട്ടിലെ മുത്തശ്ശിമാരുടെ പഴങ്കഥകൾ
ഒന്ന് കേട്ടിടേണം
നാടിൻെറ നൻമകൾ കണ്ടിടേണം
നാടിൻെറ  പാട്ടുകൾ കേട്ടിടേണം
ഒരു കൊച്ചുതോടിൻെറ കളകള
ശബ്ദമൊന്ന് കേട്ടിടേണം
നാടിൻെറ പുണ്യങ്ങൾ വാഴ്ത്തിടേണം
നാടിൻെറ ഭംഗികൾ കണ്ടുമടങ്ങുമ്പോൾ
നാടിന് നന്ദിയും ചൊല്ലിടേണം

ഗീതു ജയൻ
9 A



# മടിയൻ മലചുമക്കും

നമ്മുടെ നാട്ടിൽ കാണപ്പെടുന്നവയാണ് ഉറുമ്പുകൾ. ദൂരെ ഒരു നാട്ടിൽ ചിന്നനും പൊന്നനും എന്ന രണ്ട് ഉറുമ്പുകൾ ഉണ്ടായിരുന്നു.അവർ വലിയ ചങ്ങാതിമാരായിരുന്നു.ഇതിൽ ചിന്നനുറുമ്പ് മടിയനായിരുന്നു.അവർ എപ്പോഴും ഒരുമിച്ചായിരുന്നു തീറ്റശേഖരണത്തിന് പോയിരുന്നത്.ചിന്നനുറുമ്പ് തീറ്റശേഖരിച്ച് അവ തീരുന്നതു വരെ എങ്ങോട്ടും പോകാറില്ല. എന്നാൽ പൊന്നനുറുമ്പ് ദിവസവും തീറ്റതേടി കിട്ടുന്നത് ശേഖരിച്ചിരുന്നു ഈ സമയം ചിന്നനുറുമ്പ് ഉറക്കത്തിലായിരുന്നു.



രാവിലെ ചിന്നനുറുമ്പ് എണീറ്റപ്പോൾ നല്ല മഴയായിരുന്നു അന്നുമുതൽ എന്നും രാവിലെ മഴയും,തണുപ്പും,മഞ്ഞുവീഴ്ചയും അനുഭവപ്പെടാൻ തുടങ്ങി ഈ കാരണത്താൽ ആരും അധികം പുറത്തേക്കിറങ്ങിയിരുന്നില്ല.

**പൊന്നനുറുമ്പ് തീറ്റശേഖരിച്ച് വച്ചിരുന്നു എന്നാൽ അപ്പോഴേക്കും ചിന്നനുറുമ്പിന്റെ ഭക്ഷണം തീർന്നിരുന്നു അങ്ങനെ ചിന്നനുറുമ്പ് പട്ടിണികിടന്ന് വിശന്നുമരിച്ചു ഇതാണ് കൂട്ടുകാരെ പണ്ടുള്ളവർ പറയുന്നത്**

**"സമ്പത്ത് കാലത്ത് തൈ പത്ത് വെച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം"**

**ഗീതു ജയൻ**



൯ A

കവിത

# പ്രഭാതം

കിളികൾ കളകളഗാനം പാടി
കുളിർ കോരുന്ന പ്രഭാതം
മലർനിരയെങ്ങും നർത്തനമാടി
മിഴിവേകുന്ന പ്രഭാതം!
മലരുകൾ തഴുകി മാരുതനോടി
മണമേകുന്ന പ്രഭാതം!
കരളിൽ കവിതകൾ മൂളും തുമ്പികൾ
കളിയാടുന്ന പ്രഭാതം!
കതിരോൻ കനകക്കതിരുകളാലേ
ചിരി തൂകുന്ന പ്രഭാതം!
പ്രസാദ ഭാവത്തിരമാലകളാൽ
ഉണർവ്വേകുന്നു പ്രഭാതം!

-അഖില ജോയി.

കവിത

# മഴയെ ആസ്വദിക്കുന്നവർ

**മഴ പെയ്യുമ്പോൾ**

കതിരുകൾ ആകെ വിളയുന്നു
കിളികൾ ആകെ പറക്കുന്നു
മഴയെ കാത്തു നിൽക്കുന്ന വേഴാമ്പൽ
സന്തോഷം കൊണ്ട് ആഹ്ളാദിക്കുന്നു
കുട്ടികൾ ആകെ മഴ നനയുവാൻ വേണ്ടി നോക്കി നിൽക്കുന്നു
അമ്മ മാർ കുട്ടികൾ മഴ നനയുന്ന ഇടയിൽ
വിളിച്ചുകൊണ്ട് പോയി ശകരിക്കുന്നു
നമ്മുട് ലോകത്തിനെ എന്ത്പറ്റി
മഴ നനയുവാൻ പോലും കുട്ടികൾ സമദിക്കുന്നിൽ
മാറണം നമ്മുടെ ലോകം മാറണം
കുട്ടികൾ ഒരു വട്ടം എങ്കിലും മഴ നനയുവാൻ വിടണം
അവർ പ്രകൃതിയുമയി ഇണങ്ങി ചേരട്ടെ
മഴ പ്രകൃതിയെുട വരദാനമാണ്.


ഹാരിസ് പീ ആർ



കവിത

# എന്റെ ചിന്തകൾ

**കുഞ്ഞിച്ചിറകുകൾ വീശി**
**ഏതുയരം വരെ പറക്കുവോ**
**അവിടെ വരെയാണെന്റെ ആകാശം**
**എന്റെ സ്വപ്നങ്ങൾ തെളിയിച്ചവഴിയേ**
**എത്ര ദൂരം വരെ പാദങ്ങൾ നടന്നെത്തുന്നുവോ**
**അതുവരെയാണെന്റ സാമ്രാജ്യം**
**കാലപ്രവാഹത്തിൽ പച്ചിലച്ചാർത്തിൽ**
**നിന്നിറ്റിറ്റു വീഴുന്ന മഞ്ഞ്തുള്ളിയായി**
**സ്നേഹമെന്നിലെത്ര ആഴത്തിൽ നിറഞ്ഞൊ-**
**ഴുകി പരക്കുന്നുവോ അതാണെന്റെ കടൽ**
**കിനാവുകൾ ചേക്കേറിയ**
**ഹൃദയാകാശത്തിൽ പ്രതീക്ഷയാം**
**നിലാവെളിച്ചത്തിൽ മോഹപ്പൂക്കൾ**
**കാട്ടിയ വഴിയേ കാലമാം കടലിൽ**
**ഞാനെന്റ ജീവിത**
**തോണി തുഴയുന്നു....**



**ഇർഷാദ്**
9C

## ലേഖനം

# സ്മാർട്ട് ഫോൺ

ഇപ്പോൾ ചെറിയവൻ ഇനിയാകും ഇവൻ വലിയവൻ ഓരോ ജനറേഷൻ തോറും മാറും പുതു ഫോൺ. പല തെറ്റുകൾ കണ്ടു



പിടിക്കുന്ന ഫോൺ. നല്ല കാര്യങ്ങൾ ഏറേ പഠിപ്പിക്കുവാൻ ഏറേ സഹയകമായിതിരുന്ന കൂടുതൽ അറിവു തരുന്ന സ്മാർട്ട് ഫോൺ. "google" രണ്ട് സെക്കൻറ് കൊണ്ട് നമ്മൾ സർച്ച് ചെയുന്ന കാര്യങ്ങൾ നമ്മളിൽ പകർന്നു തരുന്ന സ്മാർട്ട് ഫോൺ. അപ്പുറത്തെ രാജ്യത്തു നിന്നും ഇപ്പുറത്തെ രാജ്യത്തു നിന്നും നമ്മളെ കമ്യൂനികെഷൻ നമ്മളെ സഹായിക്കുന്നു. ഇപ്പോൾ ചെറിയവൻ.ഇനിയാകും വലിയവൻ......



**മാനുവൽ ഷാജു-9B**

കവിത

# ശബ്ദം

കേൾക്കാൻ കൊതിച്ചൊരാ വാക്കുകൾ

ശബ്ദമായ് കേട്ടൊരാമാത്രയിൽ

സ്തബ്ധനായ് നിന്നു ഉമ്മറ കോലായിൽ
അന്യനായ്

ആരോ പറഞ്ഞു പഠിപ്പിച്ച അക്ഷരങ്ങൾ

തൈലങ്ങളായ് ബഹിർഗമിച്ചപ്പോൾ

ആരോ എഴുതിയ ഗാനത്തിൽ ഈരടികൾ

മൂളുവാൻ കേൾക്കാൻ കൊതിച്ചന്നാൾ

(കുട്ടികവിത)

മൈക്കിൾ എസ്  മൈക്കിൾ

ലേഖനം

# പ്രകൃതിയും അതിലെ മനുഷ്യരും

നാം പ്രകൃതിയോട് ചെയ്യുന്ന കൊടും ക്രൂരത മൂലം ആണ് പ്രകൃതി നമ്മോട് കോപിക്കുന്നത്. അതുമൂലം പ്രളയം പോലെ വലിയ ദുരന്തം ഉണ്ടാകുന്നു. മനുഷ്യർ അവർ പൈസക്കുവേണ്ടി ചതിയും കൊള്ളയും കൊലയും നടത്തുന്നു മറ്റ ചിലർ കംമ്പ്യൂട്ടറിന്റെയും മൊബൈൽ ഫോണിന്റയും പുറകെ അടിക്റ്റ് ആയി പോകുന്നു **PUBG** പോലുള്ള ഓൺലൈൻ ഗെയിമും എല്ലാം ക്രൂരതയിലേക്കു നയിക്കുന്നു. ഒപ്പം ജീവിതം നശിപ്പിക്കുന്നു. വേറെ ചിലർ പച്ചപ്പ് നിറഞ്ഞ പാടങ്ങളും വയലുകളും വെട്ടി അവിടെ വീടുകളും കെട്ടിടങ്ങളും ഉണ്ടാക്കുന്നു ഇതാണ് ലോകത്തിന്റ് പോക്ക്



മുഹമ്മദ് ബാദുഷ

൯C

## ലേഖനം

# യഥാർത്ഥ ചങ്ങാതി

ഒരിടത്തൊരിടത്ത് രണ്ട് ചങ്ങാതിമാരുണ്ടായിരുന്നു.അവരുടെ പേര് അക്കു എന്നും അപ്പു എന്നുമായിരുന്നു.ഒരിക്കൽ അവർ ഒന്നിച്ചിരുന്നപ്പോൾ
അവരുടെയിടയിൽ ദുഷ്ടനായ ഇക്കു അവരെ പിരിയിക്കാൻ വന്നെങ്കിലും നടന്നില്ല.അവസാനം അവരെ അവൻ പിരിയിച്ചു.അങ്ങനെ ഇക്കുവും അപ്പുവും കൂട്ടുകാരായി.പാവം അക്കു അവൻ ഒറ്റക്കായി.അക്കു പലതവണ അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും നടന്നില്ല. ഇക്കുവിനൊടുള്ള കൂട്ട് ശരിയല്ലെന്നറിഞ്ഞ അപ്പു ആ കൂട്ടിൽ നിന്ന് പിന്തിരിഞ്ഞു.
പിന്നെ ഒരിക്കലും അക്കുവും അപ്പുവും പിരിഞ്ഞില്ല.
ഗുണപാഠം:നേർവഴിക്ക് നയിക്കുന്ന കൂട്ടുകാരാണ് യഥാർത്ഥ ചങ്ങാതി.



–നിമിഷ വിൻസെന്റ്

9c

കവിത

# മെഴുകുതിരി

നിന്നെ ഉരുക്കി തെളിക്കും തിരിയെ-
നിന്നെ ലോകം ഉരുക്കി പരത്തുന്നു.
ഇരുട്ടിൽ പ്രകാശം പരത്തുന്ന തിരിയെ
നിന്നെ അത്രമേൽ സ്നേഹിക്കുന്നു ലോകം
എല്ലാവർക്കും വേണ്ടി ഉരുകിതെളിയുന്ന
നിന്നെ അത്രമേൽ സ്നേഹിക്കുന്നു ലോകം.
തീ തിന്നുന്നതെന്തിനു നീ ഇനിയും
ഉരുകിതീരുന്നു നീയെന്ന വെളിച്ചം.

–നിമിഷ വിൻസെന്റ്



കവിത

# തിരമാല

അലതല്ലിവരുന്ന തിരമാലകളേ
എന്തിനു നീ ഇങ്ങനെ വരുന്നു.
സമാധാനത്തോടും ക്ഷമയോടും
കൂടിഒഴുകാൻ സാധിക്കില്ലേ നിനക്ക്

നിന്നെ കാണാൻ എന്തൊരു ചേല്
പിന്നെന്തിനു നീ ഇങ്ങനെ ആകുലപ്പെടുന്നു.
നിനക്ക് കൂട്ടായ് കാറ്റുണ്ടല്ലോ
കാറ്റല്ലാതെ മീനുണ്ടല്ലോ

ഇവരല്ലാതെ കൂട്ടുണ്ടല്ലോ
മഴയും,വെയിലും,രാവും,പകലും
എന്തൊരു ഭാഗ്യം നിനക്ക്
പിന്നെന്തിനിങ്ങനെ വിഷമിക്കുന്നു



-ഡോണ റോയി.
-9A

## കഥ

## റാസ്ബറി പുഴു

ഒരു ദിവസം രണ്ട് പെൺകുട്ടികൾ കാട്ടിൽ പോയപ്പോൾ ഒരു റാസ്ബറിത്തോട്ടം കണ്ടു. അവർ അവിടേക്ക് പോയി. അവർക്കാവശ്യമായ റാസ്ബറികൾ പറിച്ചുകൊണ്ടിരിക്കെ ഒരു റാസ്ബറിയിൽ ചെറിയ പുഴുവിനെ അവർ കണ്ടുമുട്ടി. അവർ അതിനെ ഒരു ചെടിയിലേക്ക് മാറ്റിവെച്ചിട്ട് അവർക്കാവശ്യമായ റാസ്ബറികൾ ശേഖരിച്ച് വീട്ടിലേക്ക് പോയി. അവർ അതു വെച്ച് അവർക്കാവശ്യമായ ജാമും മറ്റുസാധനങ്ങളും തയാറാക്കി. അവർ അത് ആസ്വദിച്ച് കഴിച്ചു. അടുത്ത ദിവസം അവർ വീണ്ടും കാട്ടിലേക്ക് പോയി. അപ്പോൾ അവർക്ക് അവിടെ ഒരു റാസ്ബറിചെടിപോലും കാണാൻ സാധിച്ചില്ല. അവർ റാസ്ബറി അന്വഷിച്ച് ഉൾ കാട്ടിലേക്ക് പോയി അവർ അവിടെ ചെന്നപ്പോൾ റാസ്ബറിത്തോട്ടം കണ്ടുമുട്ടി. അവർക്കാവശ്യമായത് പറിച്ചുകൊണ്ടിരിക്കെ സന്ധ്യയായി കഴിഞ്ഞിരുന്നു. അവർ ഭയപ്പെട്ട് പോയി. അവർ തമ്മിൽ പറഞ്ഞു രാത്രിയിൽ കാട്ടിലെ മൃഗങ്ങൾ നമ്മെ ഉപദ്രവിച്ചാലോ, പെട്ടെന്ന് ഒരു രാജകുമാരൻ

**അവിടെപ്രത്യക്ഷപ്പെട്ടു. നിങ്ങൾക്കെന്നെ മനസ്സിലായോ,നിങ്ങൾ റാസ്ബറിയിൽ നിന്ന് എടുത്തുമാറ്റി പുഴുവാണ് ഞാൻ. നിങ്ങൾക്ക് ഈ രാത്രിയിലൊരു കുഴപ്പവും സംഭവിക്കാതെ ഞാൻ സൂക്ഷിച്ചുക്കൊള്ളാം. രാവിലെ നിങ്ങളെ വീട്ടിൽ എത്തിക്കാം എന്നുപറഞ്ഞു. ആ പെൺകുട്ടികൾ നന്ദി പറഞ്ഞ് വീട്ടിലേക്ക് തിരിച്ചു പോയി.**



*-പവിത്ര പ്രദീപ്.*

*9A*

## കഥ

# നല്ല ചങ്ങാതിമാർ

ഒരിടത്ത് ഒരിടത്ത് ഗ്രാമത്തിൽ ഒരു കുടുംബം താമസിച്ചിരുന്നു. അവർ വളരെ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. അവരുടെ ഇളയ മകന്റെ പേര് അപ്പു അവന്റെ നല്ല ചങ്ങാതിയായിരുന്നു ഉണ്ണി. അവർ കൂട്ടുകാരായിരുന്നത് അച്ചുവിന് ഇഷ്ടമായിരുന്നില്ല. അച്ചു അപ്പുവിനെയും ഉണ്ണിയെയും പിരിക്കാൻ തുടങ്ങി. അച്ചു അപ്പുവിനെ ചീത്തക്കാര്യം പഠിപ്പിച്ചു. അത് അറിഞ്ഞ ഉണ്ണി അപ്പുവിനെ പറഞ്ഞ് തിരുത്താൻ നോക്കി. അത് അവൻ മനസിലാക്കിയില്ല. അപ്പു പിന്നെയും പറഞ്ഞുനോക്കി അത് അവൻ വകവെച്ചില്ല. അത് അവനെ മാരക രോഗങ്ങളിലേക്ക് നയിച്ചു. അവൻ അപ്പോൾ ഓർത്തു എന്നോട് ഉണ്ണി പറഞ്ഞത് അവൻെറ മനസ്സിൽ വന്നു അത് ഓർത്തപ്പോൾ അപ്പുവിന് കരച്ചിൽ വന്നു.അപ്പോൾ തന്നെ ഉണ്ണി അവിടെ വന്നു അച്ചു രോഗബ്ബിതനായി മരിച്ചു അപ്പോൾ അപ്പു പറഞ്ഞു ഇനി ഞാൻ ഒരു ദുശീലവും കാണിക്കില്ലയെന്ന് സത്യം ചെയ്യു.

-പവിത്ര പ്രദീപ്.

9 A





# മഹത്മൊഴികൾ




## റോൺ


"ആശകളും വിശ്വാസങ്ങളും നല്ല
തഴക്കങ്ങളും സൃഷ്ടിക്കേണ്ട കാല
ഘട്ടമാണ് യൗവനം"

സന്തോഷത്തിന്റെ ഒരു വാതിൽ
അടയുമ്പോൾ മറ്റൊന്ന് തുറക്കുന്നു.
അടഞ്ഞ വാതിലിനു നേരെ തന്നെ നോക്കി
നിൽക്കുന്നതിനാൽ തുറക്കപ്പെട്ട വാതിൽ
കാണാതെ പോകുന്നു.

- ഹെലൻ കെല്ലർ



സുന്ദരമായത് നല്ലതായി കൊള്ളണമെന്നില്ല.
എന്നാൽ നല്ലത് എപ്പോഴും
സുന്ദരമായിരിക്കും".
എൻക്ളോസ്.



“തീരത്ത് കിടക്കുന്ന കപ്പൽ
എന്നും സുരക്ഷിതമായിരിക്കും.
പക്ഷേ ഒരു കപ്പൽ നിർമ്മിച്ചി
രിക്കുന്നതിന്റെ ലക്ഷ്യം അതല്ല.
ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികളെ
ധീരമായി നേരിടുക”.
– ആൽബർട്ട് ഐൻസ്റ്റീൻ

## കഥ

# മോതിരം

അമ്മൂമ്മയും അപ്പൂപ്പനും ഉണ്ടായിരുന്നു. അമ്മൂമ്മക്ക് അപ്പൂപ്പനേയും അപ്പൂപ്പന് അമ്മൂമ്മയേയും വളരേ ഇഷ്ടമായിരുന്നു. ഇവരുടെ വീട്ടിൽ ഒരു മകൻ ഉണ്ടായിരുന്നു. അത് അവരുടെ മകൻ ആയിരുന്നില്ല. അത് അവരുടെ മകളുടെ മകനായിരുന്നു. അവരുടെ മകൾ ഒരു വണ്ടി അപകടത്തിൽ കൊല്ലപ്പെട്ടു. അവൻെറ അച്ഛൻ നേരത്തേ മരണപ്പെട്ടു. അവരുടെ മകൻ വളരേ ക്രൂരനായിരുന്നു.

ഒരു ദിവസം അപ്പൂപ്പൻ അമ്മുമ്മക്ക് ഒരു മോതിരം വാങ്ങികൊടുത്തു. വളരെ മനോഹരമായ ഒരു മോതിരം അമ്മൂമ്മയ്ക്ക് സമ്മാനമായി കൊടുത്തു. മോതിരം കൊടുക്കുന്നത് അവരുടെ മകൻ കണ്ടു. മകൻ ആ മോതിരം കൈക്കലാക്കണം. അതിന് അവൻ എന്തുംചെയ്യും. ഒരു ദിവസം അമ്മുമ്മ മരണത്തിനു കീഴടങ്ങി. അമ്മൂമ്മ മരണപ്പെട്ട കാര്യം അറിഞ്ഞപ്പോൾ അപ്പൂപ്പൻ ഹൃദയം പൊട്ടി മരിച്ചു. അങ്ങനെ കുറച്ചു നാളുകളായി അവൻ ആ മോതിരം തപ്പി നടക്കുകയാണ്. എല്ലായിടത്തും അവൻ മോതിരം നോക്കി. മോതിരം കണ്ടില്ല. അവൻ എന്നിട്ട് അമ്മൂമ്മയെ കുഴിച്ചിട്ട സ്ഥലത്ത് പോയി. അവൻ അമ്മൂമ്മയെ കുഴിച്ചിട്ട സ്ഥലം മാന്തി.

അമ്മൂമ്മയുടെ മൃതദേഹം അവൻ കണ്ടെത്തി. അവൻ ആ മോതിരം കണ്ടു. അവിടെ അടുത്ത് കിടന്ന കല്ല് എടുത്ത് കൈ വിരലിൽ ഇടിച്ച മോതിരം ഇരുന്ന വിരൽ മുറിച്ച് എടുത്തു. കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ അമ്മൂമ്മ പ്രേതമായി വന്നു.

സാരംഗ് സത്യ

9A



ലേഖനം

# അടിച്ചമർത്തപെട്ട മാതാപിതാക്കൾ

ഇന്നത്തെ കാലത്ത് നമ്മുടെ മാതാപിതാക്കളെ നമ്മൾ വൃദ്ധസദനത്തിൽ കൊണ്ടുപോയിയാക്കും. അത് വളരെ അസഹനീയമാണ്. അതിലും ഭേദം അവരെ കൊല്ലുന്നതാണ്. നമ്മളെ ജനിപ്പിച്ച മാതാപിതാക്കളെ നമ്മൾ വൃദ്ധസദനത്തിൽ കൊണ്ടുപോയിയാക്കിയാൽ നമ്മളോട് ദൈവംപോലും പൊറുക്കില്ല. നമ്മൾ ഒരിക്കൽ മാതാപിതാക്കൾ ആകുമ്പോൾ നമ്മുടെ കുട്ടികളും നമ്മളെ വൃദ്ധസദനത്തിൽ കൊണ്ടുപോയിയാക്കും. അതുകൊണ്ട് നമ്മൾ നമ്മുടെ മാതാപിതാക്കളെ നന്നായി നോക്കണം.



ശ്രീഹരി

## മഴക്കാലം

മഴ പ്രണയം എന്ന്  ചേട്ടൻ പറഞ്ഞു
മഴയ്ക്ക്  തണുപ്പ്  എന്ന് ചേച്ചി പറഞ്ഞു
മഴ മണ്ണിന് ദാഹം മാറ്റാൻ എന്ന് അപ്പ പറഞ്ഞു
മഴ നനഞ്ഞാൽ പനി
പിടിക്കുമെന്ന് അമ്മ പറഞ്ഞു

മഴയത്ത്  കളിക്കാൻ
എന്ത് രസമെന്ന് അനിയൻ പറഞ്ഞു
മഴയത്ത്  കളിക്കാൻ കൂട്ട്  വരാം
എന്ന്   ഞാൻ പറഞ്ഞു
കാത്തിരുന്ന ഞങ്ങൾ  ആ മഴക്കാലം
ഓടിവന്നു ആ മഴക്കാലം
ഒടുവിൽ കടന്നു പോയി ആ മഴക്കാലം



# ഇടുക്കി ...ചരിത്രത്താളുകളിലൂടെ...

## ആമുഖം

കേരളത്തിലെ ചരിത്രം എവിടെ നിന്ന് ആരംഭിക്കുന്നുവോ അവിടെ നിന്നു തന്നെയാണ് ഇടുക്കിയുടെ ചരിത്രവും ആരംഭിക്കുന്നത്. മാറി മറിയുന്ന ഭൂപ്രകൃതിയും കാലാവസ്ഥയും ഈ മണ്ണിനെ ചിലപ്പോഴൊക്കെ ജന നിബിഡകേന്ദ്രങ്ങളായും മറ്റു ചിലപ്പോൾ മനുഷ്യസ്പർശമില്ലാത്ത വിജനമായ കാനന ഭൂമിയായും മാറ്റിത്തീർത്തിട്ടുണ്ടന്ന് പ്രകൃതിക്കു മേൽ ആധുനിക മനുഷ്യൻ നടത്തിയ ക്രൂരത കലർന്നതും മയമില്ലാത്തതുമായ ഇടപെടലുകൾ മൂലമുണ്ടായിട്ടുള്ള ഒരു സ്ഥിതി വിശേഷമാണിതെന്ന് നാമറിയുന്നുമുണ്ട്. അനുദിനം വർധിച്ചുവരുന്ന ചൂട്, കാലാവസ്ഥ മാറ്റങ്ങൾ, പരിസ്ഥിതി നാശം. ആവാസവ്യവസ്ഥയിലെ തകിടം മറിയലുകൾ മണ്ണിനും പ്രകൃതിക്കും മനുഷ്യനും മേൽ അനുദിനം പെയ്തിറങ്ങുന്ന വിഷമഴകൾ തന്മൂലം വർധിച്ചുവരുന്ന മാരക രോഗങ്ങൾ എന്നിവയെല്ലാം ആക്കം വർധിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇടുക്കിയുടെ മലനിരകൾ വാസ്തവത്തിൽ ഭൂമിശാസ്ത്രപരമായി തന്നെ മനുഷ്യവാസ യോഗ്യപരമായിരുന്നില്ല. ഒരു പോറലു പോലും ഏൽപ്പിക്കാതെ എക്കാലവും നിത്യഹരിത വനമേഖലയായിതന്നെ നിലനിർത്തേണ്ട ഒരു പുണ്യ ഭൂമിയായിരുന്നില്ലേ ഈ മലനിരകൾ. പ്രകൃതി വിരുദ്ധമായ

മനുഷ്യഇടപെടലുകൾക്ക് പ്രകൃതി തന്നെ നൽകുന്ന മറ്റൊരു ശിക്ഷയാണ് ഈ മടക്കയാത്രയെന്ന് നിസംശയം പറയാനാവും.

മണ്ണും മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സുദൃഢമായ ബന്ധവും ഈടും ഇഴതെറ്റാതെ കാത്തുപോന്ന ഈ വിഭാഗത്തിന്റെ ശൈഥില്യത്തിന്റെ കഥ വനനാശത്തിന്റെ കൂടെ ചരിത്രമാണ്. യഥാർത്ഥ മണ്ണിനുടമകളായ ഇവരുടെ കാട്ടറിവും നാട്ടറിവും പ്രകൃതിപഠനവും നിരീക്ഷണവും അനുഭവവും എല്ലാം അമൂല്യങ്ങളാണ്. കിഴക്കൻ മലയോരത്ത് സമൃദ്ധമായി ഉണ്ടായിരുന്ന വനവിഭവങ്ങൾ ശേഖരിച്ച് രാജാക്കൻമാർക്ക് എത്തിച്ചിരുന്ന പ്രധാന ആശ്രിതരും അനുയായികളുമായിരുന്നു. ഈ ആദിവാസി സമൂഹം ഭക്ഷണത്തിനായി പൂനം, നെല്ല്, കിഴങ്ങുവർഗങ്ങൾ, തിന എന്നിവയും മുതുവൻമാർ കൃഷി ചെയ്തിരുന്നു.



അതിപുരാതന കാലം മുതൽ പാശ്ചാത്യരെയും പൗരസ്ത്യരെയും കേരളത്തിലേക്ക് ആകർഷിച്ചിരുന്ന പ്രധാന കാര്യങ്ങളിലൊന്ന് സുഗന്ധവ്യഞ്ജനങ്ങളുടെ സമൃദ്ധിയാണ്. സുഗന്ധവ്യഞ്ജനങ്ങളിൽ പ്രഥമസ്ഥാനം നൽകാവുന്ന ഒന്നാണ് ഏലം. നൂറ്റാണ്ടുകൾക്കുമുൻപുതന്നെ ഇടുക്കി ഉൾപ്പെടുന്ന കിഴക്കൻ മലയോരം നാണ്യോൽപ്പന്നങ്ങളിൽ സമ്പന്നമായിരുന്നു. ഘോരവനം സുഗന്ധോൽപ്പന്നങ്ങളുടെ ശേഖരം ആയിരുന്നു. സുഗന്ധവിളകളുടെ

റാണിയായ ഏലത്തിന്റെ ഉത്ഭവം പശ്ചിമഘട്ടത്താണ്. സമുദ്ര നിരപ്പിൽ നിന്ന് 800 മുതൽ 1100 മീറ്റർ വരെ ഉയരത്തിൽ ഏലം സമൃദ്ധമായി വളരുന്നു. ഇതിൽ 150 മുതൽ 300 സെന്റീമീറ്റർ മഴ തുടരെ ലഭിക്കണം. അന്തീക്ഷ ഊഷ്മാവും നിശ്ചിത അനുപാതത്തിൽ ഉണ്ടാവണം.

യവനർക്ക് കുരുമുളക് ഇഷ്ടവസ്തുവായിരുന്നതിനാൽ സംസ്കൃതത്തിൽ യവനപ്രിയ എന്ന പേരിൽ അറിയപ്പെടുന്ന ഭാരതീയ ഔഷധമായാണ് ഹിപ്പോക്രിറ്റ്സ് കുരുമുളകിനെ വിശേഷിപ്പിച്ചിരുന്നത്. ഏലക്കായ് പച്ചപ്പൊന്നായും കുരുമുളക് കറുത്തപൊന്നായും അറിയപ്പെട്ടു പോന്നു. പശ്ചിമഘട്ടത്ത് തോട്ട വിളകളായ കാപ്പിയും തേയിലയും കൃഷി ചെയ്യാൻ പ്രത്യേക നിയമം കൊണ്ടുവന്നു. ഇടുക്കജില്ലയിൽ വിവിധ ഭാഗങ്ങളിൽ ഏലം കൃഷി വ്യാപിപ്പിച്ചു.

കാപ്പികൃഷി പ്രധാനമായും പൂർവ്വ പശ്ചിമയോരത്ത്പരിമിതപ്പെട്ടു. കോഫിയ ഗോത്രത്തിൽപ്പെട്ട റൂബിയോസെ കുടുംബത്തിൽപ്പെട്ട കാപ്പിക്ക് 70 ഓളം ഉപവർഗ്ഗങ്ങളുണ്ട്. വയനാട്ടിൽ ആണ് കാപ്പികൃഷി തുടങ്ങുന്നത്. കേരളത്തിൽ കാപ്പികൃഷി ചെയ്യുന്നതിൽ 12,600 ഹെക്ടർ ഇടുക്കിയുടെ സംഭാവനയാണ്. പൈപ്പറേസി കുടുംബത്തിൽ പൈപ്പർ നിഗ്രം എന്ന ശാസ്ത്ര നാമത്തിലാണ് കുരുമുളകിനെ അറിയപ്പെടുന്നത്. ഇന്ത്യയിൽ വിവിധ സംസ്ഥാനത്ത് വ്യത്യസ്ത പേരുകളിൽ വിളിക്കുന്നു. ഇന്ത്യയിൽ ഉൽപ്പാതിപ്പിക്കുന്ന കുരുമുളകിന്റെ സിംഹഭാഗവും കേരളത്തിന്റെ സംഭാവനയാണ്. ഇതിൽ മുന്തിയ പങ്കാണ് ഇടുക്കിക്കുള്ളത്. ഏലത്തെപ്പോലെ കുരുമുളകിന്റേും ജന്മപ്രദേശം പശ്ചിമഘട്ടവന മേഖലയിലാണ്. കാട്ടു ചെടിയായ

കുരുമുളകിൽ നിന്ന് നാടൻ കൃഷി വികസിപ്പിച്ചെടുത്തത്. ഇടുക്കിയിൽ 64,500 ഹെക്ടറിൽ കുരുമുളക് ചോളം അയയ്ക്കുന്നതുപോലെ. അളന്ന് വിദേശികൾക്ക് വിറ്റിരുന്നതായി നാണ്യവിളയായ റബർ ഇടുക്കിയിൽ 37075 ഹെക്ടറിൽ കൃഷിചെയ്തുവരുന്നു.

കോടമഞ്ഞിലും കൊടും തണുപ്പിലും നോക്കെത്താദൂരത്ത് പച്ചപ്പരവതാനി വിരിച്ചതുപോലെ നിലകൊള്ളുന്ന ഈ തോട്ടങ്ങളിലെ സമൃദ്ധിയും ആരവങ്ങളും ദശാബ്ദങ്ങൾ പിന്നിട്ടപ്പോൾ പടിയിറങ്ങുന്ന കാഴ്ചയും കാണാം. കേരളത്തിലും വയനാട്ടിലും മാനന്തവാടിയിലും കാപ്പികൃഷി ആരംഭിച്ചു. യൂറോപ്യൻ രാജ്യങ്ങൾ കാപ്പിയായിരുന്നു പാനീയമായും വ്യാപകമായും ഉപയോഗിച്ചു പോന്നത്. വിലകുറഞ്ഞ പാനീയമെന്ന നിലയിൽ തേയില ഉൽപ്പന്നത്തെ അറിയപ്പെടാൻ തുടങ്ങി. ഇടുക്കി ജില്ലയിൽ 24 തെയിലതോട്ടങ്ങളുണ്ട്. ഇന്ത്യയിൽ ശരാശരി തേയില ഉൽപാദനം എട്ടു ലക്ഷം ടൺ ആണ്.

## ഉപസംഹാരം

നമ്മൾ ഈ സെമിനാറിൽ പരിചയപ്പെട്ടത് ഇടുക്കിയിലെ വിവിധ കാർഷികസമൃദ്ധിയെക്കുറിച്ചാണ്. ഇടുക്കിയിൽ പല സ്ഥലങ്ങളിലും കൂടുതലായി കൃഷിചെയ്യുന്നത് ഏലം. തോട്ടം വ്യവസായി മൂന്നാർ മേഖലകളിൽ കൂടുതൽ തേയിലത്തോട്ടങ്ങൾ വികസിച്ചു വരുന്നു. പണ്ട് കാപ്പിയായിരുന്നു പാനീയമായും വ്യാപകമായും ഉപയോഗിച്ചിരുന്നത്. പിന്നീട് വില കുറഞ്ഞ പാനീയമെന്ന നിലയിൽ തേയില അറിയപ്പെടാൻ തുടങ്ങി. കേരളത്തിൽ കാപ്പികൃഷിക്കും നല്ല പ്രിയമായിരുന്നു.സുഗന്ധവ്യഞ്ജനങ്ങളുടെ കൃഷിയും വ്യാപകമായി

കൃഷിചെയ്തിരുന്നു. പുരാതനകാലം കാലം മുതൽ പാശ്ചാത്യരെയും പൗരസ്ത്യരെയും ആകർഷിച്ചിരുന്ന പ്രധാന കാരണങ്ങളിൽ ഒന്നാണ് സുഗന്ധവ്യഞ്ജനങ്ങളുടെ സമൃദ്ധി.

കുരുമുളകെന്ന നാണ്യോൽപ്പന്നം കറുത്ത പൊന്ന് എന്ന് അറിയപ്പെടുന്നു. സുഗന്ധ വിളകളുടെ റാണിയാണ് ഏലം. പച്ചപ്പുക്കളാലും സമൃദ്ധിയായ വളക്കൂറുള്ള മണ്ണിനാലും വ്യാപകമായി കൃഷിചെയ്തു വരുന്നു. ഇതു കൂടാതെ വളക്കൂറുള്ള മണ്ണിൽ കൃഷികൾ നല്ല രീതിയോടെ വളരുന്നു.

ജാസ്മിൻ സലീം

8 B

കഥ

# കാട്ടിലെ കണ്ണൻ

ഒരു ദിവസം ഒരു കാട്ടിൽ ഒരു കാക്കയും അതിന്റെ കുഞ്ഞുങ്ങളും ഒരു മരത്തിൽ താമസിച്ചിരുന്നു. ആ മരത്തിന്റെ താഴെ ഒരു പൊത്തിൽ ഒരു പാമ്പും ഉണ്ടായിരുന്നു. ആ നീചനായ പാമ്പ് ആ കാക്കയുടെ മുട്ട കൈക്കലാക്കാൻ കാത്തിരുന്നു. ഒരു ദിവസം കാക്ക ഭക്ഷണത്തിന്നായി പുറത്തുപോയ തക്കം നോക്കി ആ പാമ്പ് മുകളിൽ വന്ന് ആ മുട്ട ഭക്ഷിച്ചു. കാക്ക തിരിച്ചു വന്ന പോൽ



തന്റെ മുട്ട കാണാതെ വിഷമിച്ചു. അവൾ തന്റെ കുഞ്ഞുങ്ങളെ

ഭക്ഷിച്ച ആ പാമ്പിനെ ഒരു പാഠം പഠിപ്പിക്കാൻ കാത്തിരുന്നു. അങ്ങനെ ഇരിക്കേ, ഒരു അവസരം വന്നു.

ഒരു ദിവസം ഒരു കരടി തന്റെ കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണവുമായി പോവുകയായിരുന്നു.
ക്ഷീണം വന്നപ്പോൾ ആ കാക്ക താമസിച്ചിരുന്ന മരത്തിന്റെ ചുവട്ടിൽ ഇരുന്നുറങ്ങി.
കാക്ക സാവധാനം കരടിയുടെ അടുത്തേക്ക് പറന്നുവന്നു. അവൾ കരടി കൂടെ കൊണ്ടു വന്ന ആ പഴങ്ങൾ എടുത്ത് പാമ്പിന്റെ പൊത്തിൽ തിരുകി വച്ചു. എന്നിട്ട് അവൾ അവിടുന്ന് പറന്നു മരത്തിലേക്ക് പോയി. കരടി ഉണർന്നു നോക്കിയപ്പോൾ താൻ കൊണ്ടു വന്ന പഴങ്ങൾ കാണാൻ ഇല്ല. കരടി നോക്കിയപ്പോൾ പാമ്പിന്റെ പൊത്തിൽ ഇരിക്കുന്നതു കണ്ട് കരടി കോപിഷ്ടനായി.
കരടി ഒരു കോലുകൊണ്ട് പാമ്പിന്റെ പൊത്തിലേക്ക് കുത്തി. പാമ്പ് ചീറ്റികൊണ്ട് പുറത്തേക്കു വന്നു. കരടി പാമ്പിന്റെ തലക്ക അടിച്ചു. പാമ്പ് ജീവനും കൊണ്ട് നാടു വിട്ടു. തെറ്റു ചെയതാൽ ഒരിക്കൽ പിടികൂടും.



ജോയൽ ജോമോൻ

9 B

ചിതറിയ ചിത്രങ്ങൾ പോലെയാണ് ഈ എഴുത്ത്. ഈ ഡിജിറ്റൽ മാഗസിൻ ആകർഷകവും ആസ്വാദകരമായി എഴുതിയുണ്ടാക്കാൻ ഞങ്ങളെ സഹായിച്ച് ഞങ്ങൾക്ക് പിന്തുണ നൽകിയ ഞങ്ങളുടെ കൂടെ നിന്ന സിസ്റ്റർ ടെസ്‌ലിനും, സിസ്റ്റർ ജോയിസിനും, ഇത് ചെയ്യാൻ സഹായിച്ച ഞങ്ങളുടെ എല്ലാ കൂട്ടുകാർക്കും സ്നേഹം നിറഞ്ഞ

നന്ദി.........